## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3249 13.10.2011 - ൽ മറുപടിക്ക്**

## ഭവന നിർമ്മാണ ബോർഡിൻെറ പ്രവർത്തനത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൻെറ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) ഭവനനിർമ്മാണ ബോർഡിൻെറ കൈവശമുള്ള ഭൂമികളിൽ സംയുക്ത സംരംഭ പദ്ധതികൾ/ പാരസ്പര്യ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്ട് 1971-ൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി 'സാഫല്യം' ഭവന പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യഘട്ടമായി 10,000 പേർക്ക് 1 കോടി രൂപ സബ്സിഡിയായി പുതുക്കിയ ബഡ്ജറ്റിൽ (2011-12) വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ വിവിധ സ്ഥലങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള വാടക വീട് സമുച്ചയങ്ങൾ, ദുർബ്ബല വിഭാഗങ്ങൾക്കായുള്ള 'ഇന്നൊവേറ്റീവ് പദ്ധതി', റവന്യൂ ടവറുകളുടെ നിർമ്മാണം, ഹരിത ഭവന സമുച്ചയങ്ങൾ, പ്രവാസികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി, കോഴിക്കോട് ശാന്തിനഗർ (ബംഗ്ളാദേശ് കോളനി) പുനരധിവാസ പദ്ധതി എന്നിവയും ബോർഡിനെ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നവ |

യാണ്. ബോർഡിൻെറ ഹഡ്കോ വായ്പ കുടിശ്ശിക തീർക്കുന്നതിനായി പുതുക്കിയ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തിയത് സാമ്പത്തിക പ്രയാസങ്ങൾ തരണം ചെയ്യുന്നതിന് ഏറെ സഹായകമായിട്ടുണ്ട്.

(ബി) നിലവിൽ ഭവനനിർമ്മാണ ബോർഡിൻെറ പ്രവർത്തനത്തിലെ അപാകതകൾ എന്തൊക്കെയാണ്;

(ബി) ബോർഡിൻെറ സ്വന്തമായ വരുമാന മാർഗ്ഗങ്ങൾ വാടകയും, കൺസൾട്ടൻസി ഫീസും ഹയർ പർച്ചേസ്/ ഭവന വായ്പ നൽകിയ വകകളിൽ കിട്ടുന്ന പലിശ വരുമാനവുമാണ്. ഇത് ബോർഡിൻെറ ഭരണപരമായ ചെലവുകൾക്കു പോലും തികയുന്നില്ല. ബോർഡിനു ലഭിക്കുന്ന Grand-in-aid അപര്യാപ്തമാണെന്നും കാണുന്നു. ഒരു മാസം ഭരണച്ചിലവിനായി ബോർഡിന് 3 കോടിയിലധികം രൂപ വേണ്ടിവരുന്നുണ്ട്. ബാങ്ക് തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി വായ്പകളും പദ്ധതികളും ഏറ്റെടുത്ത് നടത്താൻ ബോർഡിന് കഴിയുന്നില്ല. മാത്രമല്ല ബോർഡിന് സ്വന്തമായി പ്രവർത്തനമൂലധനം ഒന്നും തന്നെ ഇല്ല. അതിനാൽ കൈവശ ഭൂമിയിൽപ്പോലും ആദായകരമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും കഴിയുന്നില്ല.

(സി) അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(സി) ബോർഡിൻെറ കൈവശമുള്ള കണ്ണായ സ്ഥലങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത് ഹഡ്കോ വായ്പ തിരിച്ചടവ് തീർപ്പാക്കാനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാനുമുള്ള സംരംഭങ്ങൾ ബോർഡ് ആരംഭിച്ചുകഴിഞ്ഞു. ബോർഡിനെ പുനസംഘടിപ്പിക്കുവാനും പുനരുദ്ധാരണം നടത്തുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ബോർഡിൻെറ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയായ വാടക പിരിച്ചെടുക്കുന്നത് ഊർജ്ജിതപ്പെടുത്തിയും കാലാനുസൃതമായ വാടക വർദ്ധനവ് വഴിയും ധനസമാഹരണം കൂട്ടുന്നതാണ്. പുതുതായി ആരംഭിക്കുന്ന ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ വഴി ധനസമാ

ഹരണം നടത്തി പുതിയ വായ്പാ പദ്ധതി കളും ഭവനനിർമ്മാണ പദ്ധതികളും ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. അതുപോലെ പുതിയ പാർപ്പിട നയം നടപ്പിലാക്കുന്നതുവഴി ബോർഡിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതുമാണ്.

Indulekha S

സെക്ഷൻ ആഫീസർ